**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2339 — 13.2.2013 ൽ മറുപടിയ്ക്ക്

<u>മോട്ടോർ വാഹനവകുപ്പിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ്</u>

<u>ചോദ്യം</u>

ശ്രീമതി പി.അയിഷാ പോറ്റി :

<u>ഉത്തരം</u>

ശ്രീ.ആര്യാടൻ മുഹമ്മദ്

(ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനായി, മോട്ടോർ വാഹന വകുപ്പിൽ 47 എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിക്കുന്നതിനായി മുൻ ട്രാൻസ്പോർട്ട് കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൻമേൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ; | (എ) | ട്രാൻസ്പോർട്ട് കമ്മീഷണറുടെ ശുപാർശ പരിഗണിച്ച് 17 പുതിയ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ കൂടി മോട്ടോർ വാഹന വകുപ്പിൽ രൂപീകരിക്കുകയുണ്ടായി . |
| (ബി) | പ്രസ്തുത റിപ്പോർട്ട് രണ്ട് മാസത്തിനുള്ളിൽ നടപ്പാക്കണമെന്ന് ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (ബി) യും (സി) യും | ഇല്ല . പ്രസ്തുത പ്രൊപ്പോസൽ പൂർണ്ണമായി നടപ്പിലാക്കുന്നതിനു വേണ്ടി ശ്രീ ഷിജാദ് ഫയൽ ചെയ്ത WP(C) No.18387/2012-ൽ ബഹു: കേരള ഹൈക്കോടതിയുടെ 20-09-2012-ലെ വിധിന്യായത്തിൽ, ടിയാന്റെ നിവേദനത്തിന്മേൽ രണ്ടു മാസത്തിനുള്ളിൽ ആവശ്യമായ തീരുമാനമെടുക്കുവാൻ സർക്കാരിനു നിർദ്ദേശം നല്കിയിരുന്നു. നിവേദനം പരിശോധിച്ച ശേഷം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ ഇതിനോടകം തന്നെ നിരവധി സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ പരാതിക്കാരന്റെ ആവശ്യം പരിഗണനാർഹമല്ലെന്നു കണ്ടെത്തി 13.12.2013 ൽ അത് നിരാകരിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . |
| (സി) | ബഹു.ഹൈക്കോടതി ഇപ്രകാരം നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ ആയത് നടപ്പാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**